ഉത്തരം

(എ) ഉണ്ട്. 1-12-2004 മുതൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യവകുപ്പ് ജി. ഒ. (പി) 516/04/ഫിൻ തീയതി 3-11-2004 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചില പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) ധനകാര്യവകുപ്പ് പുറത്തിറക്കിയ ഉത്തരവിലെ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള സംശയങ്ങളാണ് ബില്ലുകൾ പാസ്സാക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ്

99 [3796] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഈ സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് എന്നാണ് വിതരണം ചെയ്തിട്ടുള്ളത്;

(ബി) മാനദണ്ഡമനുസരിച്ചുള്ള മുഴുവൻ തുകയും ഇതിനകം തന്നെ വിതരണം ചെയ്തിട്ടുണ്ടോ;

(സി) മെയിന്റനൻസ് ഗ്രാന്റ് യഥാസമയം നൽകാത്തതുമൂലം അതു സമയ പരിധിക്കുള്ളിൽ ചെലവഴിക്കാൻ കഴിയാതെ വരുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാർച്ച് 31-നു ശേഷവും തുക ചെലവഴിക്കാനുള്ള അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14 ഗഡുക്കളായി വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഗ്രാന്റിന്റെ ആദ്യത്തെ 9 ഗഡുക്കൾ 2004 ഡിസംബർ മാസത്തിലും മറ്റ് ഗഡുക്കൾ തുടർന്നും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

നഗരവീഥികളിലേക്ക് ജൈവാവശിഷ്ടങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ നടപടി

100 [3797] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിലേക്കും തോടുകളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യം നിറച്ച കവറുകൾ വലിച്ചെറിയുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനത്തിരക്കുള്ള പാതയോരങ്ങളിലേക്ക് തുറന്നുവിട്ടിരിക്കുന്ന ഓവുകളും ഓടകളും വഴിയാത്രക്കാർക്ക് സൃഷ്ടിക്കുന്ന വിഷമതകൾ പരിഹരിക്കാനുള്ള ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ;

(സി) ഹോട്ടലുകളിലെയും വീടുകളിലെയും മലിനജലമൊഴുകുന്ന ഓവുചാലുകൾ ഡ്രെയിനേജ് ലൈനിലേക്കോ മണ്ണിനടിയിലേക്കോ കണക്ടു ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലല്ലാതെ പൊതു സ്ഥലങ്ങളിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340-ാം വകുപ്പ് പ്രകാരം നിരോധിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരേയോ നിക്ഷേപിക്കാൻ കാരണമാകുന്നവരെയോ അപ്പോൾ തന്നെ 250 രൂപ വരെ പിഴ ഈടാക്കാൻ മുനിസിപ്പൽ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്.

(സി) പരിശോധിക്കുന്നതാണ്.

കുടുംബശ്രീ യൂണിറ്റുകൾ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകാൻ നടപടി

101 [3798] *ശ്രീ. എ. എ. അസീസ്:*

" *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അടുത്ത കാലത്ത് സർക്കാർ നടത്തിയ അവലോകനത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ ഫലപ്രദമായി ഈ യൂണിറ്റുകൾക്ക് നടപ്പാക്കാൻ സാധിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly